പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2424 | 18.7.2011-ൽ മറുപടിയ്ക്ക്

## തൊഴിലാളി ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ :<br>ശ്രീ. വി.ശിവൻകുട്ടി :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.എം.എ.ബേബി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) തൊഴിലാളികളുടെ പൊതുവായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, അവരുടെ ക്ഷേമം ഉയർത്തുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു; | (എ) തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വിവിധ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകൾ തൊഴിലുടമകൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിയമപ്രകാരമുള്ള പരിശോധനകളും നടപടികളും തൊഴിൽ വകുപ്പ് കൈക്കൊള്ളുന്നുണ്ട്. ജോലിയിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നതടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് വിവിധ തൊഴിലാളി ക്ഷേമനിധി പദ്ധതികൾ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. |
| (ബി) തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുമോ; ഇത് സംബന്ധിച്ച നയം വെളിപ്പെടുത്തുമോ? | (ബി) നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കാൻ എല്ലാവിധ നടപടികളും കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ